2022 മാർച്ച്...
കാനറാ ബാങ്ക്, എച്ച് എസ് ബി സി, ഓ ബി സി, ലൈഫ് ഇൻഷുറൻസ് ഇവർ ചേർന്ന് നാടൻ പാട്ടുകൾക്കായി ഒരു ഇന്ററ്‍ ബാങ്ക് മത്സരം നടത്തുന്നു.അഖിലേന്ത്യാതലത്തിൽ. പല ബാങ്കുകളിൽ നിന്നും ഗായകർ അയച്ചുകൊടുത്ത ഓഡിയോ ക്ലിപ്പിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. സമ്മാനാർഹരാകുന്നവർക്ക് മുംബൈയിലെ പ്രശസ്ത ഗായകനായ സലിം മർച്ചെന്റിനൊപ്പം അവിടെ ഒരു വേദിയിൽ പാടാൻ അവസരം കിട്ടും.

"പള്ളിവാള് ഭദ്രവട്ടകം കയ്യിലേന്തും....." എന്ന് തുടങ്ങുന്ന ഗാനം പാടി അയച്ച ഒരു മലയാളി ഗായിക സമ്മാനാർഹയായി. "മി ഫോർ മൈ സിറ്റി" എന്ന് നാമകരണം ചെയ്തിരുന്ന ആ പരിപാടിയിൽ പങ്കെടുക്കാൻ മുംബൈയിലെത്തിയ ഗായികയ്ക്ക് സമ്മാനം നൽകിയത് രാജസ്ഥാനിലെ പ്രശസ്ത ഫോക്ക് ഗായകനായ മാമേഖാൻ ആണ്. ഒരു ബാങ്ക് ജീവനക്കാരി എന്ന നിലയിൽ കലാരംഗത്ത് കിട്ടിയ ആ വലിയ അംഗീകാരത്തിന് മുന്നിൽ വിനയാന്വിതമായ മനസ്സോടെ ശിരസ്സ് നമിക്കുന്ന ഒരു ഗായികയാണ് ഇന്നത്തെ നമ്മുടെ ദളത്തെ സമ്പുഷ്ടമാക്കുന്നത്.

രശ്മി രാമചന്ദ്രൻ
കനറാ ബാങ്ക്
കല്യാൺ നഗർ ശാഖ
ബാംഗ്ലൂർ

കലകളെയും കലാകാരന്മാരെയും കൊണ്ട് സമ്പന്നമായ കൊല്ലങ്കോട് എന്ന പാലക്കാടൻ ഗ്രാമത്തിലാണ് രശ്മിയുടെ ജനനം. സ്കൂൾ മാഷ് ആയ രാമചന്ദ്രമേനോന്റെയും വീട്ടമ്മയായ രാജിരാമചന്ദ്രന്റെയും രണ്ട് പെൺകുട്ടികളിൽ മൂത്തവൾ. കൊല്ലംകോട് ചിന്മയ വിദ്യാലയത്തിലും പല്ലാവൂർ ചിന്മയ വിദ്യാലയത്തിലും ആയി പന്ത്രണ്ടാം ക്ലാസ് വരെയുള്ള സ്കൂൾ ജീവിതം. തുടർന്ന് പാലക്കാട് മേഴ്സി കോളേജിൽ നിന്നും രസതന്ത്രത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും.

കുട്ടിക്കാലത്ത് വീടിനടുത്തുള്ള സായി സേവാസമിതിയിൽ സ്ഥിരം സന്ദർശകയായിരുന്നു രശ്മി. അവരാണ് രശ്മിയിൽ നല്ല ഒരു പാട്ടുകാരി ഉണ്ടെന്ന് കണ്ടെത്തിയത്. അങ്ങനെ ഗോപി മാഷിന്റെ ശിക്ഷണത്തിൽ രശ്മി സംഗീത പഠനം ആരംഭിച്ചു. പിന്നീട് ആകാശവാണിയിൽ ഏ ഗ്രേഡ് ആർട്ടിസ്റ്റായ കസ്തൂരി ഭായിയായി ഗുരു. സംഗീതജ്ഞരുടെ കേന്ദ്രമായ കൽപ്പാത്തിയിൽ നിന്നായിരുന്നു കസ്തൂരി ഭായി രശ്മിയെ പഠിപ്പിക്കാൻ എത്തിയിരുന്നത്.
ആ പഠനം സ്കൂൾ കോളേജ് കാലഘട്ടങ്ങളിൽ കലാവേദികളിൽ തന്റെ സംഗീതസപര്യയും ആയി തിളങ്ങാൻ രശ്മിയ്ക്ക് അവസരമൊരുക്കി.

ലളിത സംഗീതത്തിലും കവിതാ പാരായണത്തിലും

സി ബി എസ് ഇ കലോത്സവങ്ങളിലും ഇന്റർ കോളേജ് മത്സരങ്ങളിലും നിരവധി സമ്മാനങ്ങൾ വാരിക്കൂട്ടി. അക്കാലത്ത് ആകാശവാണിയിലെ യുവവാണി പരിപാടിയിലും പലതവണ തന്റെ സംഗീത പരിപാടികൾ അവതരിപ്പിക്കാനും ശ്രോതാക്കളുടെ ശ്രദ്ധ നേടാനും രശ്മിക്ക് കഴിഞ്ഞു.

പക്ഷേ ഇതിനേക്കാൾ ഒക്കെ അന്ന് രശ്മി ഏറെ ഇഷ്ടപ്പെട്ടിരുന്നത് സായി ഭജൻസ് ആയിരുന്നു. സായി ഭജൻ അവതരിപ്പിക്കാൻ കിട്ടുന്ന അവസരങ്ങൾ ഒക്കെ തനിക്ക് വല്ലാത്ത ഒരു അനുഭൂതിയാണ് നൽകിയിരുന്നതെന്ന് രശ്മി ഇപ്പോഴും ഓർക്കുന്നു.

2012ൽ പാലക്കാട് സ്വദേശിയായ അനൂപ് ബാൽ രശ്മിയുടെ ജീവിതത്തിലും സംഗീതത്തിലും കൂട്ടായി എത്തി. ബാംഗ്ലൂരിൽ ഐ ടി മേഖലയിലായിരുന്നു അനൂപിന് ജോലി. ആ വർഷം തന്നെയാണ് രശ്മിക്ക് ബാങ്കിൽ ഒരുജോലി ലഭിക്കുന്നതും.

കഞ്ചിക്കോട് എസ് എം ഇ ശാഖയിൽ ആയിരുന്നു ആദ്യ നിയമനം. അനൂപിനൊപ്പം ചേരാനായി 2014ൽ രശ്മി ബാംഗ്ലൂരിലേക്ക് സ്ഥലംമാറ്റം വാങ്ങി. ബാങ്കിന്റെ റിസ്ക് ആന്റ് ഫ്രോഡ് വിങ്ങിൽ ആയിരുന്നു നിയമനം ലഭിച്ചത്. ബാങ്കിൽ നടക്കുന്ന സാമ്പത്തിക ക്രമക്കേടുകൾ റിസർവ് ബാങ്കിന് റിപ്പോർട്ട് ചെയ്യുക എന്ന ജോലിയായിരുന്നു അക്കാലത്ത് ചെയ്തിരുന്നത്. പിന്നീട് ഇതേ ഡിപ്പാർട്ട്മെന്റ് റിക്കവറി ഡിപ്പാർട്ട്മെന്റുമായി ലയിപ്പിക്കപ്പെട്ടു.

പിന്നീട് രശ്മിക്ക് ബാങ്കിന്റെ ബോർഡ് സെക്രട്ടറിയേറ്റിലേക്കാണ് സ്ഥാനമാറ്റം ലഭിച്ചത്. ഇന്ന് ബാങ്കിന്റെ എം ഡി ആയി ഇരിക്കുന്ന ശ്രീ എൽ വി പ്രഭാകറിനൊപ്പം തനിക്ക് ജോലി ചെയ്യാൻ കഴിഞ്ഞിരുന്നു എന്നത് വളരെ അഭിമാനത്തോടെയാണ് രശ്മി ഓർക്കുന്നത്.

2021ൽ പ്രമോഷൻ ലഭിച്ചതോടെ രശ്മി പേഴ്സണൽ സ്റ്റാഫ് ആയി നിയമിക്കപ്പെട്ടു. അന്ന് ബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ആയിരുന്ന ശ്രീമതി മണിമേഖലക്കൊപ്പമായിരുന്നു രശ്മി,യൂണിയൻ ബാങ്കിന്റെ ഇന്നത്തെ എംഡി. തന്നെ സ്വന്തം മകളെ പോലെ കണ്ടിരുന്ന അവരെക്കുറിച്ച് പറയുമ്പോൾ രശ്മി വാചാലയായി. മണി മേഖലാ മാഡം യൂണിയൻ ബാങ്കിലേക്ക് പോയതോടെ എട്ടുവർഷം നീണ്ട ഹെഡ് ഓഫീസിലെ സേവനത്തിന് വിരാമമിട്ട് രശ്മി വീണ്ടുമൊരു ശാഖയിലേക്ക് പറിച്ചു നടപ്പെട്ടു. അങ്ങനെയാണ് രശ്മി കല്യാൺ നഗർ ശാഖയിൽ എത്തിയത്.

2018 ജീവിതത്തിൽ താങ്ങാൻ ആവാത്ത നഷ്ടം ഉണ്ടാക്കിയ വർഷമായിരുന്നു രശ്മിക്ക്. എല്ലാ കാര്യങ്ങളിലും തനിക്ക് പിന്തുണ നൽകിയിരുന്ന അനൂപ് അക്കൊല്ലമാണ് രശ്മിയെ തനിച്ചാക്കിപോയത്. കൂട്ടിന് ഏൽപ്പിച്ചു പോയ ഇരട്ട കണ്മണികൾക്കും അമ്മയ്ക്കും ഒപ്പം രശ്മി

ബാംഗ്ലൂരിൽ തന്നെ സ്ഥിരതാമസമാക്കി. ഇരട്ടക്കുട്ടികളായ ആദിത്രിയും അദ്വികയും അവിടെ ഒരു പ്ലേ സ്കൂളിലെ യു കെ ജി വിദ്യാർത്ഥിനികളാണ്. ഒറ്റപ്പെട്ടു പോയെന്നു തോന്നിയ നാളുകളിൽ കൂടെ നിന്ന സഹപ്രവർത്തകരെയും സുഹൃത്തുക്കളെയും രശ്മി സ്നേഹത്തോടെ ഓർക്കുന്നു.

കുട്ടികളെ നോക്കുന്ന സമയത്തിനപ്പുറമുള്ള സമയമൊക്കെ സംഗീതത്തിനു വേണ്ടി മാറ്റിവയ്ക്കുകയാണ് രശ്മി. ബാങ്ക് തന്നെ തനിക്ക് ധാരാളം അവസരങ്ങൾ ഉണ്ടാക്കി തരുന്നുണ്ട് എന്ന് രശ്മി പറയുന്നു.

ബാങ്കിന്റെ ആഭിമുഖ്യത്തിലുള്ള ഹിന്ദി മത്സരങ്ങളിൽ ഹിന്ദി പാട്ട് പാടി പലതവണ രശ്മി സമ്മാനാർഹയായിട്ടുണ്ട്. അടുത്തിടെ കാനറാ ബാങ്ക് ഓഫീസേഴ്സ് അസോസിയേഷൻ നടത്തിയ "വോയിസ് ഓഫ് സി ബി ഓ എ" മത്സരത്തിലും രശ്മിയായിരുന്നു വിജയി.

ഇക്കഴിഞ്ഞ സ്വാതന്ത്ര്യ ദിന ആഘോഷവേളയിൽ ബാങ്ക് നൽകിയ പരസ്യത്തിലും മുഴങ്ങിനിന്നത് രശ്മിയുടെ ശബ്ദമായിരുന്നു. അതുപോലെതന്നെ കഴിഞ്ഞവർഷം ബാങ്ക് പുറത്തിറക്കിയ ഡിജിറ്റൽ കലണ്ടറിൽ സ്വർണ്ണ പണയ വായ്പയുടെ മോഡലായി പ്രത്യക്ഷപ്പെടാനും രശ്മിക്ക് അവസരം ലഭിച്ചു.

ഇന്ത്യൻ ഓവർസീസ് ബാങ്കിൽ സീനിയർ മാനേജരായ റോഷ്നി ആർ മേനോൻ ആണ് രശ്മിയുടെ സഹോദരി.
നല്ല ഒരു ഗായിക കൂടിയായ റോഷ്നിക്കൊപ്പം ഈ വർഷം പുട്ടപർത്തിയിൽ നടന്ന ഒരു വലിയ സംഗീത പരിപാടിക്ക് നേതൃത്വം നൽകാൻ കഴിഞ്ഞത് ജീവിതത്തിൽ ഒരിക്കലും മറക്കാൻ കഴിയാത്ത ഒന്നാണെന്ന് രശ്മി മനസ്സിൽ തൊട്ടു പറയുന്നു. ഭജൻസ് ആണ് തനിക്കെല്ലാം. ആ ഭജൻസ് തനിക്ക് മാനസികമായി നൽകുന്ന സന്തോഷം വളരെ വലുതാണെന്ന് രശ്മി ഉറപ്പിച്ചു പറയുന്നു.

രശ്മിയുടെ ഗാനം ആദ്യമായി കേട്ടപ്പോൾ ഈ ഗായികയെക്കുറിച്ച് അന്വേഷിച്ചത് സുഹൃത്തും കാനറാ ബാങ്ക് എംപ്ലോയീസ് യൂണിയൻ അഖിലേന്ത്യാനേതാവു മായ ശ്രീ എസ് രാമകൃഷ്ണനോടാണ്. ഒന്ന് സംസാരിച്ചാൽ പോലും അത് സംഗീതമായി മാറുന്ന അനുഗ്രഹീത കലാകാരിയാണ് രശ്മി എന്നാണ് അദ്ദേഹം പറഞ്ഞത്. ബാങ്ക് ജീവിതത്തിനൊപ്പം ഭജൻസിനെ നെഞ്ചോട് ചേർക്കാൻ ആഗ്രഹിക്കുന്ന ഈ അനുഗ്രഹീത ഗായികയ്ക്ക് ടാലന്റഡ് ബാങ്കേഴ്സ് കുടുംബം എല്ലാ വിജയാശംസകളും നേരുന്നു.

---

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC, പത്തനംതിട്ട

-----------------------------------------------------------------------------------------------

Let's walk you down the lane, back to March 2022 where Canara Bank, HSBC, OBC and Life Insurance were hosting an inter-bank All India folk song competition. Audio clips sent by the singers from various banks served as the basis for selection. The honourees would have the opportunity to sing on a stage there alongside the renowned singer, Salim Merchant of Mumbai.

Mame Khan, a renowned folk singer of Rajasthan, conferred the award to the Malayalee singer who sung and sent the song "Palliwal Bhadravattakam Kayilendum" and had the privilege to perform in the event titled 'Me for my city' staged in Mumbai.The singer,a banker by profession we introduce herewith to you today is humbled and overwhelmed by the significant acclaim she received in the domain of art.

Resmi Ramachandran
Canara Bank
Kalyan Nagar Branch
Bangalore.

Born in Kollengode, a village of Palakkad,an abode of arts and artists, Resmi is the eldest of two daughters of Shri.Ramachandra Menon, a school teacher, and Smt.Raji Ramachandran, a housewife. She had her education at Chinmaya Vidyalaya at Kollamkode and Pallavur life till 12th grade.Thereafter she attended Mercy College, Palakkad from where she earned a graduation and Post Graduation in Chemistry.

Resmi was a frequent visitor to the Sai Seva Samiti near her home during her childhood days.It was they who discovered the singer in her .Resmi started learning music under the tutelage of Gopi master and later under Kasturi Bhai hailing from Kalpaathi and an A grade artist in Akashavani.which gave her opportunities to be a noted singer during her school and college days.

Resmi earned many awards in light music and recitation competitions.She used to win prizes in CBSE arts festivals and inter-college competitions. Resmi was able to perform her musical programs many times on Aakashvani's Yuvavani program which could garner the attention of many.Singing Sai Bhajan used to give her a great feeling.

Anup Bal, a native of Palakkad, came into Resmi's life as her life partner in 2012.Anoop was working in IT sector in Bangalore.Resmi joined the services of the bank in the same year.

Her first appointment was in SME branch, Kanjikode. In 2014, She submitted her transfer request to Bangalore on spouse joining ground where she got posted in the risk and fraud wing

of the bank. Her job was to report financial irregularities to RBI.The department got merged with Recovery Department afterwards.

Resmi later got transferred to the bank's board secretariat. She proudly recounts that she got opportunity to work with Mr LV Prabhakar, who is the MD of the bank today.

Resmi was appointed as Personal Staff, on getting promoted in 2021. Resmi was working alongside Ms Manimekhalai, the present MD of Union Bank of India, who was the ED of Canara bank back then. Resmi becomes eloquent when talking about her who treated her like her own daughter. After her eight year stint at Head Office,she was transferred to Kalyan Nagar Branch.

2018 was a year of unbearable losses for Resmi. Anoop who had always been there for her and supported her,left her alone. Resmi thereafter got settled in Bangalore along with her mother and her twin kids- Aditri and Advika, who are now UKG students.

Resmi fondly remembers her colleagues and friends who stood by her in her tough times.

Resmi spends all her time other than looking after her children for music.She has won several awards in Hindi song competitions conducted in bank. She was also the winner of the "Voice of CBOA" competition conducted by the Canara Bank Officers Association recently.

Resmi's voice was also heard reverberating in the Bank’s advertisement during the recent Independence Day celebrations.

She also got an opportunity to appear as a model in the advertisement about Gold Loan which appeared in the digital calendar released by the bank last year.

Roshni R Menon, Resmi's sister is a senior manager at Indian Overseas Bank.
Resmi feels happy about being able to lead a big concert in Puttaparthi this year with Roshni, who is also a good singer. Resmi feels exuberant singing Bhajans.

Sri S Ramakrishnan, an All India leader of Canara Bank Employees Union from whom we got to know more about Resmi, opines that every word she utters sounds musical and is exceptionally nice to listen to. Talented bankers family wishes all the best to Ms. Resmi who wants to keepe bhajans close to her heart althrough her life.